"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, കൊട്ടാരക്കര എന്നയാളിൽ നിന്നും ജപ്തിചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിൽ സർവ്വെ നമ്പർ 286/14ൽപ്പെട്ട 06.20 ആർ ഭൂമിയും അതിലുള്ള കെട്ടിടവും കുടിശ്ശിക തുകയായ 3,52,900/- രൂപ അർത്ഥനാധികാരി മുൻപാകെ ഒടുക്കുന്ന മുറയ്ക്ക് ടിയാന്റെ നിയമപരമായ അവകാശികൾക്ക് തിരികെ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.163/2025/RD തീയതി,തിരുവനന്തപുരം, 06-06-2025

പരാമർശം:-

1. കൊല്ലം ആർ.ഡി.ഒ യുടെ 02.02.2006 ലെ F-3678/05/DDis നമ്പർ ഉത്തരവ്
2. ശ്രീ. അശോക് കുമാർ സമർപ്പിച്ച 02.02.2010ലെ അപേക്ഷ.
3. കൊല്ലം ജില്ലാ കളക്ടറുടെ 04.11.2020-ലെ DCKLM/3260/2020/R6 നം.കത്ത്.
4. അശോക് കുമാർ സർക്കാരിൽ സമർപ്പിച്ച 02.12.2015-ലെ അപേക്ഷ
5. 11.02.2016-ലെ സ.ഉ(എം.എസ്) 112/2016/റവ നമ്പർ സർക്കാർ ഉത്തരവ്
6. ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. അശോക് കുമാർ ഫയൽ ചെയ്ത WP(C) 14896/17 നമ്പർ കേസിലെ 17.11.2017 ലെ വിധിന്യായം.
7. ശ്രീ. അശോക് കുമാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ WA-1019/2018-ാം നമ്പർ കേസിലെ 02.11.2018 ലെ വിധിന്യായം.
8. ശ്രീമതി ആർ. ശശികല സമർപ്പിച്ച 31.05.2022-ലെ അപേക്ഷ

ഉത്തരവ്

ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, ഇ.റ്റി.സി, കൊട്ടാരക്കര എന്നയാളിൽ നിന്നും വില്പന നികുതി കുടിശ്ശിക ഇനത്തിൽ 1,20,629/- രൂപ ഈടാക്കുന്നതിന്റെ ഭാഗമായി റിക്കവറി നടപടികൾ സ്വീകരിക്കുകയും ടിയാന്റെ ഉടമസ്ഥതയിൽ കൊട്ടാരക്കര വില്ലേജിൽ ഉണ്ടായിരുന്ന സർവ്വെ നമ്പർ 286/14 ൽപ്പെട്ട 06.20 ആർസ് ഭൂമിയും അതിലുള്ള കെട്ടിടവും 15.03.2005-ൽ സർക്കാർ ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കി മാറ്റുകയും കൊല്ലം ആർ.ഡി.ഒ യുടെ പരാമർശം (1) ഉത്തരവ് പ്രകാരം ലേലം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു.

2) ആംനസ്റ്റി സ്കീം 2008 പ്രകാരം 1992-93 വർഷത്തേയ്ക്ക് 7,117/- രൂപയും 1995-96

വർഷത്തേയ്ക്ക് 26,691/- രൂപയും 1996-97 വർഷത്തേയ്ക്ക് 23,431/- രൂപയും ചേർത്ത് ആകെ 57,239/- രൂപ കുടിശ്ശിക കക്ഷി ഒടുക്കുവരുത്തിയെങ്കിലും 02.02.2006 ൽ ഭൂമി ബോട്ട്-ഇൻ-ലാൻഡാക്കിയതിനാൽ കളക്ഷൻ എടുത്തിട്ടില്ലെന്നും 30.10.2020 വരെ നികുതി, സർചാർജ്ജ്, പലിശ എന്നിവ ഉൾപ്പെടെ 3,52,900/- രൂപയാണ് കുടിശ്ശിക കക്ഷി ഒടുക്കു വരുത്തേണ്ടതെന്നും കൊട്ടാരക്കര സ്റ്റേറ്റ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ 19.10.2020-ൽ അറിയിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) ബോട്ട്-ഇൻ-ലാൻഡ് തിരികെ ലഭിക്കുന്നതിനായി ശ്രീ. അശോക് കുമാർ സർക്കാരിൽ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും അന്ന് നിലവിലുണ്ടായിരുന്ന നിയമപ്രകാരമുള്ള സമയ പരിധിക്കുശേഷമാണ് അപേക്ഷ സമർപ്പിച്ചത് എന്നതിനാൽ പ്രസ്തുത അപേക്ഷ സർക്കാർ നിരസിക്കുകയും ചെയ്തിരുന്നു. തുടർന്ന്, പരാമർശം (4) പ്രകാരം അശോക് കുമാർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയും കുടിശ്ശിക തുക, പലിശ, ഭൂമിയുടെ കമ്പോളവില അനുബന്ധചെലവുകൾ എന്നിവ അടയ്ക്കുന്ന മുറയ്ക്ക് കുടിശ്ശിക കക്ഷിയ്ക്ക് 06.20 ആർ ഭൂമിയും അതിൽ ഉൾപ്പെട്ട കെട്ടിടവും തിരികെ നൽകുന്നതിന് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശം കക്ഷി പാലിച്ചിരുന്നില്ല.

4) പരാമർശം (5) ലെ സർക്കാർ ഉത്തരവിനെതിരെ ശ്രീ. അശോക് കുമാർ ബഹു. ഹൈക്കോടതി മുൻപാകെ WP(C)14896/17 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു ഹൈക്കോടതിയുടെ പരാമർശം (6) വിധിന്യായ പ്രകാരം പ്രസ്തുത ബോട്ട്-ഇൻ-ലാൻഡിന്റെ കമ്പോളവിലയായ 4,96,000/- രൂപയും പലിശയും 6 മാസത്തിനുള്ളിൽ ഒടുക്കുന്ന പക്ഷം കക്ഷിക്ക് പ്രസ്തുത ഭൂമി തിരികെ നൽകാൻ ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെ കുടിശ്ശികകക്ഷി ബഹു. ഹൈക്കോടതിയിൽ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (7) വിധിന്യായത്തിൽ 3,44,743/- രൂപ 02.04.2019 തീയതിയ്ക്കകം (അഞ്ചു മാസത്തിനകം) ഒടുക്കു വരുത്തണമെന്നും കൊട്ടാരക്കര തഹസീൽദാർ മുമ്പാകെ നിശ്ചിത സമയപരിധിക്കുള്ളിൽ ടി തുക ഒടുക്കു വരുത്തുകയാണെങ്കിൽ പ്രത്യേകമായി കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതില്ലെന്നും ബോട്ട് ഇൻ ലാൻഡാക്കിയ നടപടിക്രമം റദ്ദാക്കണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. എന്നാൽ കുടിശ്ശിക കക്ഷി പ്രസ്തുത തുകയും ഒടുക്കിയിരുന്നില്ല.

5) കുടിശ്ശിക കക്ഷിയായ അശോക് കുമാർ 07.04.2022-ൽ മരണപ്പെട്ടതിനെ തുടർന്ന് ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (8) പ്രകാരം ടിയാന്റെ ഭാര്യ ശ്രീമതി ആർ. ശശികല സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിശ്ശിക കക്ഷിയായ അശോക് കുമാർ 07.04.2022-ൽ മരണപ്പെട്ടതിനാലും അദ്ദേഹത്തിന്റെ കുടുംബം ഭൂരഹിതരാണെന്ന വസ്തുതയും കണക്കിലെടുത്ത്, ഒരു പ്രത്യേകകേസായി പരിഗണിച്ച് ,ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, കൊട്ടാരക്കര എന്നയാളിൽ നിന്നും വില്പന നികുതി കുടിശ്ശിക ഇനത്തിൽ 1,20,629/- രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറിയുടെ ഭാഗമായി ടിയാനിൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കി 02.02.2006 ൽ ലേലം സ്ഥിരീകരിച്ച കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിൽ സർവ്വെ നമ്പർ 286/14ൽപ്പെട്ട 06.20 ആർ ഭൂമിയും അതിലുള്ള കെട്ടിടവും 2020-ൽ അർത്ഥനാധികാരി കണക്കാക്കിയ നികുതി, സർചാർജ്ജ്, പലിശ എന്നിവയുൾപ്പെടെയുള്ള കുടിശ്ശിക തുകയായ 3,52,900/-രൂപ

അർത്ഥനാധികാരി മുൻപാകെ ഒടുക്കുന്ന മുറയ്ക്ക് പരേതനായ ശ്രീ. അശോക് കുമാറിന്റെ നിയമാനുസൃത അവകാശികൾക്ക്, പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ കൊല്ലം ജില്ലാ കളക്ടർ സമയ ബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീമതി ശശികല ആർ, W/o Late. അശോക് കുമാർ രോഹിണി വീട്, കൊട്ടാരക്കര,കൊല്ലം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.(ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം.
ആർ.ഡി.ഒ., കൊല്ലം.
പൊതുഭരണ (എസ്.സി) വകുപ്പ് (05.06.2025 തിയതിയിലെ ഇനം നം. 3001)
നിയമ (ഉപദേശ-ജി) വകുപ്പ് (Note No. OPN-G2/184/2024-LAW dated 27.11.2024)
ധനകാര്യ വകുപ്പ് (Note No. E-2907268/Exp-D3/90/2024-FIN dated 14.03.2025)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 06-06-2025 18:56:06
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എയ്ക്ക്

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 05-06-2025

ഫയൽ നം. എസ്2/27/2020/റവ. ഇനം നം: 3001

വിഷയം : റവന്യൂ വകുപ്പ് - ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, കൊട്ടാരക്കര എന്നയാളിൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാന്റാക്കിയ 6.20 ആർസ് ഭൂമിയും അതിൽ സ്ഥിതി ചെയ്തിരുന്ന കെട്ടിടവും ടിയാന്റെ നിയമപരമായ അവകാശികൾക്ക് തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

5/6

6/6/2025

6/6/2025

3001

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1	ഫയൽ നമ്പർ	:	എസ്2/27/2020/റവ
2	വകുപ്പ്	:	റവന്യൂ (എച്ച്) വകുപ്പ്
3	വിഷയം	:	ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, കൊട്ടാരക്കര എന്നയാളിൽ നിന്നും ജപ്തിചെയ്ത് ബോട്ട് ഇൻ ലാന്റാക്കിയ 6.20 ആർസ് ഭൂമിയും അതിൽ സ്ഥിതി ചെയ്തിരുന്ന കെട്ടിടവും ടിയാന്റെ നിയമപരമായ അവകാശികൾക്ക് തിരികെ നൽകുന്നത് സംബന്ധിച്ച്.
4	മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	:	12.05.2025
5	i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?	:	അതെ.
	ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ?	:	ഉണ്ട്.
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ?	:	ഉണ്ട്. ഉണ്ട്.
7	കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്	:	ശ്രീമതി സ്നേഹലത കെ.
8	കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്	:	ശ്രീമതി ടിങ്കു ബിസ്വാൾ
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി	:	20.05.2025
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	:	ഡോ.എ.ജയതിലക്
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	:	26.05.2025
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	:	ശ്രീ. കെ. രാജൻ
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	:	27.05.2025
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	:	28.05.2025
15	മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	:	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും	:	

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, കൊട്ടാരക്കര എന്നയാളിൽ നിന്നും വില്പന നികുതി കുടിശ്ശിക ഇനത്തിൽ 1,20,629/- രൂപ ഈടാക്കുന്നതിനായി ടിയാനിൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കി 02.02.2006- ൽ ലേലം സ്ഥിരീകരിച്ച കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ കൊട്ടാരക്കര വില്ലേജിൽ സർവ്വെ നമ്പർ 286/14 ൽപ്പെട്ട 06.20 ആർസ് ഭൂമിയും അതിലുള്ള കെട്ടിടവും 2020-ൽ അർത്ഥനാധികാരി കണക്കാക്കിയ നികുതി, സർച്ചാർജ്ജ്, പലിശ എന്നിവയുൾപ്പെടെയുള്ള കുടിശ്ശിക തുകയായ 3,52,900/- രൂപ അർത്ഥനാധികാരി മുൻപാകെ ഒടുക്കുന്ന മുറയ്ക്ക് പരേതനായ അശോക് കുമാറിന്റെ നിയമാനുസൃത അവകാശികൾക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) ശ്രീ. അശോക് കുമാർ, സരോജ ഫാർസ്യൂട്ടിക്കൽസ്, ഇ.റ്റി.സി, കൊട്ടാരക്കര എന്നയാളിൽ നിന്നും വില്പന നികുതി കുടിശ്ശിക ഇനത്തിൽ 1,20,629/- രൂപ ഈടാക്കുന്നതിന്റെ ഭാഗമായി റിക്കവറി നടപടികൾ സ്വീകരിക്കുകയും ടിയാന്റെ ഉടമസ്ഥതയിൽ കൊട്ടാരക്കര വില്ലേജിൽ ഉണ്ടായിരുന്ന സർവ്വെ നമ്പർ 286/14 ൽപ്പെട്ട 06.20 ആർസ് ഭൂമിയും അതിലുള്ള കെട്ടിടവും 15.03.2005-ൽ സർക്കാർ ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കി മാറ്റുകയും കൊല്ലം ആർ.ഡി.ഒ യുടെ 02.02.2006 ലെ F3-3678/05/DDis നമ്പർ ഉത്തരവുപ്രകാരം ലേലം സ്ഥിരീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

3) ആംനസ്റ്റി സ്കീം 2008 പ്രകാരം 1992-93 വർഷത്തേയ്ക്ക് 7,117/- രൂപയും 1995-96 വർഷത്തേയ്ക്ക് 26,691/- രൂപയും 1996-97 വർഷത്തേയ്ക്ക് 23,431/- രൂപയും ചേർത്ത് ആകെ 57,239/- രൂപ കുടിശ്ശിക കക്ഷി ഒടുക്കുവരുത്തിയെങ്കിലും 02.02.2006 ൽ ഭൂമി ബോട്ട് - ഇൻ - ലാൻഡാക്കിയതിനാൽ കളക്ഷൻ എടുത്തിട്ടില്ലെന്നും 30.10.2020 വരെ നികുതി, സർചാർജ്ജ്, പലിശ എന്നിവ ഉൾപ്പെടെ 3,52,900/- രൂപയാണ് കുടിശ്ശിക കക്ഷി ഒടുക്കു വരുത്തേണ്ടതെന്നും കൊട്ടാരക്കര സ്റ്റേറ്റ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ 19.10.2020-ൽ അറിയിച്ചിട്ടുള്ളതായി കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ബോട്ട്-ഇൻ-ലാൻഡ് തിരികെ ലഭിക്കുന്നതിനായി ശ്രീ. അശോക് കുമാർ സർക്കാരിൽ 02.02.2010-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അന്ന്

നിലവിലുണ്ടായിരുന്ന നിയമപ്രകാരമുള്ള സമയ പരിധിക്കുശേഷമാണ് അപേക്ഷ സമർപ്പിച്ചത് എന്നതിനാൽ പ്രസ്തുത അപേക്ഷ 14434/എസ്2/10/റവ നമ്പർ കത്ത് പ്രകാരം സർക്കാർ നിരസിച്ചിരുന്നു.

5) തുടർന്ന്, 02.12.2015-ൽ ശ്രീ. അശോക് കുമാർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയും 11.02.2016-ലെ സ.ഉ(എം.എസ്)112/2016/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കുടിശ്ശിക തുക, പലിശ, ഭൂമിയുടെ കമ്പോളവില അനുബന്ധചെലവുകൾ എന്നിവ അടയ്ക്കുന്ന മുറയ്ക്ക് കുടിശ്ശിക കക്ഷിയ്ക്ക് 06.20 ആർ ഭൂമിയും അതിൽ ഉൾപ്പെട്ട കെട്ടിടവും തിരികെ നൽകുന്നതിന് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവ് കക്ഷി പാലിച്ചിരുന്നില്ല.

6) ടി സർക്കാർ ഉത്തരവിനെതിരെ കുടിശ്ശികകക്ഷി ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)14896/17 നമ്പർ കേസിലെ 17.11.2017 ലെ വിധിന്യായപ്രകാരം പ്രസ്തുത ബോട്ട്-ഇൻ-ലാൻഡിന്റെ കമ്പോളവിലയായ 4,96,000/- രൂപയും പലിശയും 6 മാസത്തിനുള്ളിൽ ഒടുക്കുന്ന പക്ഷം കക്ഷിക്ക് തിരികെ നൽകാൻ ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെ കുടിശ്ശികകക്ഷി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ WA-1019/2018-ാം നമ്പർ കേസിലെ 02.11.2018 ലെ വിധിന്യായത്തിൽ 3,44,743/- രൂപ 02.04.2019 തീയതിയ്ക്കകം (അഞ്ചു മാസത്തിനകം) ഒടുക്കു വരുത്തണമെന്നും കൊട്ടാരക്കര തഹസീൽദാർ മുമ്പാകെ നിശ്ചിത സമയപരിധിക്കുള്ളിൽ ടി തുക ഒടുക്കു വരുത്തുകയാണെങ്കിൽ പ്രത്യേകമായി കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതില്ലെന്നും ബോട്ട് ഇൻ ലാൻഡാക്കിയ നടപടിക്രമം റദ്ദാക്കണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. എന്നാൽ കുടിശ്ശിക കക്ഷി പ്രസ്തുത തുകയും അടച്ചിരുന്നില്ല.

7) ഇതിനിടയിൽ കുടിശ്ശിക കക്ഷിയായ അശോക് കുമാർ 07.04.2022-ൽ മരണപ്പെടുകയും ബോട്ട്-ഇൻ-ലാൻഡ് ഭൂമി തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാന്റെ ഭാര്യ ശ്രീമതി ആർ. ശശികല 31.05.2022-ൽ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

8) ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം താഴെ ചേർക്കുന്നു.

"2024 –ലെ കേരള റവന്യൂ റിക്കവറി (ഭേദഗതി) ആക്റ്റിന്റെ 50 എ താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

50 എ. ബോട്ട് ഇൻ ലാന്റ് തിരികെ നല്കൽ. – (1) വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷ ക്കാലയളവിനുള്ളിൽ , ബോട്ട് ഇൻ ലാന്റ് തിരികെ നല്കാൻ വീഴ്ചക്കാരൻ അപേക്ഷിക്കുന്ന പക്ഷം , കളക്ടറുടെ അനുമതിയോടുകൂടി അപേക്ഷിക്കുന്ന തീയതി വരെയുള്ള പ്രോസസിംഗ് ചാർജ്ജും പലിശയും ഉൾപ്പെടെയുള്ള മുഴുവൻ നികുതി കുടിശ്ശികയും ഒടുക്കിയതിനുശേഷം കളക്ടർ, അപ്രകാരം പണമടച്ചതിന്റെ യഥാർത്ഥ രസീത് അല്ലെങ്കിൽ ട്രഷറി ചെലാൻ സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം, അത്തരത്തിലുള്ള ബോട്ട് ഇൻ ലാന്റ് വീഴ്ചക്കാരന് തിരികെ നല്കാൻ ഉത്തരവ് നല്കേണ്ടതാണ്. ഈ ആക്റ്റിന്റെ 71–ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനുവേണ്ടി വസ്തു ബോട്ട് ഇൻ ലാന്റ് ആയി വാങ്ങിയിട്ടുള്ള സംഗതികളിൽ, വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷ കാലയളവിനുള്ളിൽ, വീഴ്ചക്കാരൻ ബോട്ട് ഇൻ ലാന്റ് തിരികെ നല്കാൻ അപേക്ഷിച്ചാൽ, കളക്ടറുടെ അനുമതിയോടെ അപേക്ഷിക്കുന്ന തീയതി വരെയുള്ള മുഴുവൻ നികുതി കുടിശ്ശികയും പലിശയും പ്രോസസ്സിംഗ് ചാർജ്ജും ഉൾപ്പെടെയുള്ളവ ഒടുക്കിയതിനുശേഷം ബന്ധപ്പെട്ട സ്ഥാപനത്തിന് ബോധ്യപ്പെടുന്ന പക്ഷം, ബോട്ട് ഇൻ ലാന്റ് വീഴ്ചക്കാരന് തിരികെ നല്കാവുന്നതാണ്.

(2) ബോട്ട് ഇൻ ലാന്റിന്റെ അത്തരം വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷത്തിനു ശേഷം ആയത് തിരികെ നല്കുവാനുള്ള യാതൊരു അപേക്ഷയും പരിഗണിക്കുവാൻ പാടുള്ളതല്ല.

(3) ഗവൺമെന്റോ ഈ ആക്റ്റിലെ 71–ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനമോ പ്രസ്തുത അഞ്ച് വർഷക്കാലത്തേയ്ക്ക് വസ്തു കൈമാറ്റം ചെയ്യുവാനോ പൊതു ആവശ്യത്തിലേയ്ക്ക് വസ്തു നീക്കി വയ്ക്കുവാനോ പാടില്ലാത്തതും, അത്തരം കാലയളവിൽ വസ്തുവിൽ യാതൊരു മാറ്റവും വരുത്തുവാൻ പാടില്ലാത്തതുമാണ്.

വിശദീകരണം:- ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, വീഴ്ചക്കാരൻ എന്നതിൽ നിയമാനുസൃത അവകാശികളും ഉൾപ്പെടുന്നതാകുന്നു.

7 . 1968 – ലെ കേരള റവന്യൂ റിക്കവറി ആക്റ്റിന്റെ മേൽ ഭേദഗതിക്ക് 2024 ജൂലൈ 26 മുതൽ ആണ് പ്രാബല്യം നല്കിയിരിക്കുന്നത്.

8. ഈ കേസിൽ ബോട്ട് ഇൻ ലാന്റ് തിരികെ നല്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ അശോക് കുമാർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WA 1019/2018 കേസിൽ 02/11/2018 പുറപ്പെടുവിച്ചിരിക്കുന്ന വിധിന്യായത്തിൽ ബഹു. ഹൈക്കോടതി താഴെപ്പറയും പ്രകാരം വിധിപ്രസ്താവിച്ചിട്ടുള്ളതാണ്.

"In such circumstances, on equitable consideration the petitioner would be granted a time of five months from today to make the deposit of Rs 3,44,743./-. If the said amounts are not deposited on or before 02.04.2019, the bought-in-land proceedings would be confirmed. If the petitioner pays the said amount on or before the stipulated date before the 4th respondent, the 4th respondent shall accept the amounts in satisfaction of the sales tax dues of the petitioner and his father and cancel the bought-in-land proceedings and there shall be no separate collection charges levied on the petitioner under the Revenue Recovery Act. It is made clear that the amounts paid in consequence of the directions herein satisfies only the sales tax dues in respect of which revenue recovery proceedings were taken; in the course of which the property was bought in the name of the Government for a nominal amount of Re.1/-. An attachment or charge with respect to any other dues would subsist.

9. ഈ കേസിൽ ഇതുവരെ ബോട്ട്-ഇൻ-ലാൻഡ് ഭൂമി തിരികെ ലഭിക്കുന്നതിനായി കുടിശ്ശിക തുക, പലിശ, ഭൂമിയുടെ കമ്പോളവില അനുബന്ധചെലവുകൾ എന്നിവ അടച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WA 1019/2018 കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 02.04.2019 നോ അതിനു മുമ്പോ തുക അടച്ചിട്ടില്ല എങ്കിൽ ബോട്ട് ഇൻ ലാന്റ് നടപടികൾ സ്ഥിരീകരിക്കപ്പെടുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ കേസിൽ ബോട്ട് ഇൻ ലാന്റ് നടപടികൾ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതാണ്.

10. ആയതിനാൽ ബഹു ഹൈക്കോടതിയുടെ മേൽ വിധിന്യായത്തിന്റെയും 1968 – ലെ കേരള റവന്യൂ റിക്കവറി ആക്റ്റിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ബോട്ട്-ഇൻ-ലാൻഡ് ആക്കി മാറ്റിയ ഭൂമി തിരികെ നൽകണമെന്ന്

ആവശ്യപ്പെട്ട് ശ്രീ. അശോക് കുമാർ സമർപ്പിച്ച അപേക്ഷയിന്മേൽ, അഞ്ചുവർഷത്തിനുള്ളിൽ കക്ഷി അപേക്ഷ സമർപ്പിച്ച സാഹചര്യവും, അപേക്ഷകന്റെ കുടുംബം ഭൂരഹിതരാണെന്ന വസ്തുതയും കണക്കിലെടുത്ത് 2020-ൽ അർത്ഥനാധികാരി കണക്കാക്കിയ നികുതി, സർച്ചാർജ്ജ്, പലിശ എന്നിവയുൾപ്പെടെയുള്ള കുടിശ്ശിക തുകയായ 3,52,900/- രൂപ ഈടാക്കി ഒരു പ്രത്യേക കേസായി പരിഗണിച്ച്, ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണ്.

9) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ ചേർക്കുന്നു.

"കുടിശ്ശിക കക്ഷിയായ അശോക് കുമാർ 2022 ൽ മരണപ്പെട്ടിട്ടുള്ളതും ടിയാന്റെ കുടുംബത്തിന് ബോട്ട് ഇൻ ലാൻഡ് ആക്കിയ 6.20 ആർസ് ഭൂമിയും അതിലെ വീടും മാത്രമാണുള്ളതെന്ന വസ്തുത കണക്കിലെടുത്തും, അഞ്ചുവർഷത്തിനുള്ളിൽ കക്ഷി അപേക്ഷ സമർപ്പിച്ചിരുന്നതിനാലും 2020-ൽ അർത്ഥനാധികാരി കണക്കാക്കിയ നികുതി, സർച്ചാർജ്ജ്, പലിശ എന്നിവയുൾപ്പെടെയുള്ള കുടിശ്ശിക തുകയായ 3,52,900/- രൂപ ഈടാക്കി ഒരു പ്രത്യേക കേസായി പരിഗണിച്ച് ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന നിയമ വകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരമുണ്ട്".

10) സർക്കാർ ബോട്ട്-ഇൻ-ലാൻഡ് ആക്കിയ ഭൂമി തിരികെ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കുടിശ്ശികകക്ഷിയായ ശ്രീ. അശോക് കുമാർ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വസ്തുത പരിഗണിച്ചും ധന, നിയമ വകുപ്പുകളുടെ അഭിപ്രായം കണക്കിലെടുത്തും കുടിശ്ശിക കക്ഷിയായ അശോക് കുമാർ 07.04.2022-ൽ മരണപ്പെട്ടതിനാലും അദ്ദേഹത്തിന്റെ കുടുംബം ഭൂരഹിതരാണെന്ന വസ്തുതയും കണക്കിലെടുത്ത്, 2020-ൽ അർത്ഥനാധികാരി കണക്കാക്കിയ നികുതി, സർചാർജ്ജ്, പലിശ എന്നിവയുൾപ്പെടെയുള്ള കുടിശ്ശിക തുകയായ 3,52,900/- രൂപ അർത്ഥനാധികാരി മുൻപാകെ ഒടുക്കുന്ന മുറയ്ക്ക് ശ്രീ അശോക് കുമാറിന്റെ നിയമാനുസൃത അവകാശികൾക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച് പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകാവുന്നതാണോ എന്നതിൻമേൽ ഉത്തരവിനായി

ഫയൽ ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി

<u>തീരുമാനിക്കേണ്ട വിഷയം</u>

ശ്രീ. അശോക് കുമാർ, സരോജ ഫാർമസ്യൂട്ടിക്കൽസ്, കൊട്ടാരക്കര എന്നയാളിൽ നിന്നും വില്പന നികുതി കുടിശ്ശിക ഇനത്തിൽ 1,20,629/- രൂപ ഈടാക്കുന്നതിനായി ആരംഭിച്ച റവന്യൂ റിക്കവറിയുടെ ഭാഗമായി ടിയാനിൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കി 02.02.2006 ൽ ലേലം സ്ഥിരീകരിച്ച കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിൽ സർവ്വെ നമ്പർ 286/14 ൽപ്പെട്ട 06.20 ആർ ഭൂമിയും അതിലുള്ള കെട്ടിടവും ടിയാൻ മരണപ്പെട്ടതിനാലും ടിയാന്റെ കുടുംബം ഭൂരഹിതരാണെന്ന വസ്തുതയും പരിഗണിച്ച് ധന, നിയമ വകുപ്പുകൾ അഭിപ്രായപ്പെട്ട പ്രകാരം 2020-ൽ അർത്ഥനാധികാരി കണക്കാക്കിയ നികുതി, സർചാർജ്ജ്, പലിശ എന്നിവയുൾപ്പെടെയുള്ള കുടിശ്ശിക തുകയായ 3,52,900/- രൂപ അർത്ഥനാധികാരി മുൻപാകെ ഒടുക്കുന്ന മുറയ്ക്ക്, പരേതനായ അശോക് കുമാറിന്റെ നിയമാനുസൃത അവകാശികൾക്ക് പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരികെ നൽകാമോ?